പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2179. 07.12.2015 ൽ മറുപടിയ്ക്ക്.

## കാസർഗോഡ് -മംഗളൂർ റൂട്ടിൽ സർവ്വീസ് നടത്തുന്ന സ്വകാര്യബസ്സുകൾ

| | ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് - മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നിലവിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഇല്ല. കാസർഗോഡ് - മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ നേരിട്ട് ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിലും നിലവിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നില്ല. പക്ഷെ സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ<br>1 കണ്ണൂർ - കൊല്ലൂർ റൂട്ടിൽ (via കാസറഗോഡ് - മംഗളൂർ)<br>2 കണ്ണൂർ - മംഗളൂർ റൂട്ടിൽ (via കാസറഗോഡ്)<br>3 കോഴിക്കോട് - മംഗളൂർ റൂട്ടിൽ (via കാസറഗോഡ്)<br>ആയി നിലവിൽ 3 സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ റൂട്ടിൽ സ്വകാര്യ ബസ്സുടമസ്ഥർ സർവ്വീസ് നടത്തുന്നതിന് അനുമതിയ്ക്കായി കോടതിയെ സമീപിച്ചിരുന്നുവോ; വിശദമാക്കുമോ; | (ബി) | സമീപിച്ചിരുന്നു. കാസറഗോഡ്-മംഗളൂർ അന്തർ സംസ്ഥാന റൂട്ടിൽ ഡബിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കുറച്ച് സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ നിലനിന്നിരുന്ന അപ്പീലുകൾ സർക്കാരിനനുകൂലമായി തീർപ്പ് കൽപ്പിച്ചപ്പോൾ ടി സ്വകാര്യ ബസ്സുകൾക്ക് stop memo നൽകുകയുണ്ടായി. അതിനു ശേഷം സ്വകാര്യ ബസ്സുടമകൾ, ബഹു: ഹൈക്കോടതി, കേരള മുമ്പാകെ, Writ Petition-കൾ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതി, 15-11-2013 തീയതിയിൽ പൊതു ജഡ്ജ്മെന്റിലൂടെ പതിനേഴ് (17) കേസ്സുകൾ തീർപ്പ് കൽപ്പിച്ചു. ടി വിധിന്യായത്തിനെതിരായി, കർണ്ണാടക കെ.എസ്.ആർ.ടി.-സി., കേരള സർക്കാർ എന്നിവരൊക്കെ ബഹു: ഹൈക്കോടതി, കേരള മുമ്പാകെ Writ Appeal ഫയൽ ചെയ്യുകയുണ്ടായി. സ്വകാര്യ ബസ്സുടമസ്ഥർ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ, എറണാകുളത്ത് വീണ്ടും അപ്പീലുകൾ ഫയൽ ചെയ്യുകയുണ്ടായി. അവയും തീർപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | WP(C) No. 8210/2013 -ൽ 15-11-2013 തീയതിയിലെ വിധിന്യായ -ത്തിനെതിരായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബഹു: കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA No. 1955/2013 14-10-2015-ൽ തീർപ്പാക്കുകയും റിട്ട് പെറ്റീഷനിലെ വിധി സ്ഥിര പ്പെടുത്തുകയും ചെയ്തു. |
| (സി) | സംസ്ഥാന സർക്കാർ ഈ കേസ്സിൽ എന്ത് നിലപാടാണ് കോടതിയിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | അന്തർ സംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾക്കനുസൃതമായ നിലപാടാണ് സർക്കാർ കോടതിയിൽ സ്വീകരിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ.